**The South Indian Bank Ltd.**
CIN:L65191KL1929PLC001017
Regd. Office: SIB House, T.B. Road
Mission Quarters, Thrissur-680001. Tel: 0487 2420020
Website:www.southindianbank.com
Email id:ho2006@sib.co.in

# ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ 93-ാമത് വാർഷിക പൊതുയോഗം

1. കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെ (MCA) 2020 മെയ് 5-ലെ നമ്പർ 20/2020, 2020 ഏപ്രിൽ 13-ലെ നമ്പർ 17/2020, 2020 ഏപ്രിൽ 8-ലെ നമ്പർ 14/2020, 2021 ജനുവരി 13-ലെ നമ്പർ 02/2021 പൊതു സർക്കുലറുകൾ പ്രകാരവും 2013-ലെ കമ്പനീസ് ആക്ടിന് വിധേയമായും, 2020 മെയ് 12, 2021 ജനുവരി 15 തീയതികളിലെ SEBI സർക്കുലറുകൾക്കും, MCA, കേന്ദ്ര സർക്കാർ, സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ (SEBI) എന്നിവയുടെ ബാധകമായ മറ്റെല്ലാ നിയമങ്ങൾക്കും, സർക്കുലറുകൾക്കും വിധേയമായും പൊതുയോഗ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള നടപടികൾ നിർവഹിക്കുന്നതിന് ദി സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ 93-ാമത് വാർഷിക പൊതുയോഗം 2021 ആഗസ്റ്റ് 18, ബുധനാഴ്ച രാവിലെ 11-ന് വീഡിയോ കോൺഫ്രൻസിംഗ് ("VC")/മറ്റ് ശ്രവ്യ ദൃശ്യ മാർഗങ്ങൾ ("OAVM") മുഖേന നടത്തപ്പെടും എന്ന വിവരം ഓഹരി ഉടമകൾ ദയവായി ശ്രദ്ധിക്കുക. ബാങ്കിന്റെ രജിസ്റ്റേർഡ് ഓഫീസ് വാർഷിക പൊതുയോഗവേദിയായി കണക്കാക്കപ്പെടുന്നതായിരിക്കും.

2. മേൽപ്പറഞ്ഞ സർക്കുലറുകൾ അനുസരിച്ച്, ബാങ്കിൽ/ഡിപ്പോസിറ്ററി പങ്കാളി(കൾ)-ക്കൊപ്പവും ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും 2020-21 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടിന്റെയും, വാർഷിക പൊതുയോഗ നോട്ടീസിന്റെയും ഇലക്ട്രോണിക് പകർപ്പുകൾ അയയ്ക്കുന്നതായിരിയ്ക്കും. അഭൗതീകാവസ്ഥയിൽ (Dematerialized Mode) ഓഹരികൾ കൈവശം വച്ചിട്ടുള്ളതും, തങ്ങളുടെ ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരും രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ ഓഹരി ഉടമകൾ തങ്ങളുടെ ഡിപ്പോസിറ്ററി പങ്കാളികൾ മുഖേനഉചിതമായ ഡിപ്പോസിറ്ററികളിൽ ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരുകളും രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഭൗതീകാവസ്ഥയിൽ (Physical Mode) ഓഹരികൾ കൈവശം വച്ചിട്ടുള്ള ഓഹരി ഉടമകൾ ബാങ്കിന്റെ രജിസ്ട്രാർ & ഷെയർ ട്രാൻസ്ഫർ ഏജന്റായ, M/s BTS കൺസൾട്ടൻസി സർവീസസ് പ്രൈ. ലിമിറ്റഡ്, എം.എസ്. കോംപ്ലക്സ്, ഒന്നാം നില, നം. 8, ശാസ്ത്രി നഗർ, കൊളത്തൂർ 200 ഫീറ്റ് റോഡിന്/ആർ.ടി.ഒ-യ്ക്ക് സമീപം, കൊളത്തൂർ, ചെന്നൈ - 600 099, ഫോൺ: 044-25565121, ഫാക്സ് നം.: 044-25565131, Email: helpdesk@btsindia.co.in-ന്റെ പക്കൽ തങ്ങളുടെ ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരുകളും രജിസ്റ്റർ ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. ബാങ്കിന്റെ വാർഷിക പൊതുയോഗത്തിലെ ഇനങ്ങളിൽ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കുന്നതിന് ഇത് സഹായിക്കുകയും ചെയ്യും.

3. കൂടാതെ 93-ാമത് വാർഷിക പൊതുയോഗത്തിന്റെ നോട്ടീസും, 2020-21 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടും ബാങ്കിന്റെ വെബ്സൈറ്റായ https:// www.southindianbank.com-ന്റെ 'ഇൻവെസ്റ്റേഴ്സ് ഡെസ്ക്' വിഭാഗത്തിലും, രണ്ട് സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ വെബ്സൈറ്റുകളിലും; അതായത് BSE ലിമിറ്റഡിന്റെ https://www.bseindia.com, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇൻഡ്യ ലിമിറ്റഡിന്റെ https://www.nseindia.com എന്നിവയിലും, NSDL-ന്റെ വെബ്സൈറ്റായ https://www.evoting.nsdl.com ലും ലഭ്യമാണ്.

4) വാർഷിക പൊതുയോഗത്തിന്റെ സമയത്ത് നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനം ഉപയോഗിച്ച് ഓഹരി ഉടമകൾക്ക് റിമോട്ടായി തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ അവസരം ലഭിക്കും. അഭൗതീകാവസ്തയിലും (Dematerialized Mode), ഭൗതീകാവസ്ഥയിലും (Physical Mode) ഓഹരികൾ കൈവശം വച്ചിട്ടുള്ളവർക്കും, തങ്ങളുടെ ഇ-മെയിൽ വിലാസങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഓഹരി ഉടമകൾക്കും റിമോട്ടായി അല്ലെങ്കിൽ ഇ-വോട്ടിംഗ് സൗകര്യത്തിലൂടെ വോട്ട് രേഖപ്പെടുത്താനുള്ള രീതി ഓഹരി ഉടമകൾക്കുള്ള നോട്ടീസിൽ സൂചിപ്പിക്കുന്നതായിരിക്കും. ബാങ്കിന്റെ വെബ്സൈറ്റിലും വിശദാംശങ്ങൾ പ്രസിദ്ധീകരിക്കും. ഇത്തരം വിവരങ്ങൾ ലഭിക്കാൻ ബാങ്കിന്റെ വെബ്സൈറ്റായ http://www.southindianbank.com സന്ദർശിക്കണമെന്ന് ഓഹരി ഉടമകളോട് അഭ്യർത്ഥിക്കുന്നു.

5. മേൽപ്പറഞ്ഞ സർക്കുലറുകൾ പ്രകാരം, വാർഷിക പൊതുയോഗ നോട്ടീസിന്റെയും, വാർഷിക റിപ്പോർട്ടിന്റെയും ഭൗതീക പകർപ്പുകൾ (Physical Copies) ബാങ്ക് അയയ്ക്കില്ല എന്ന വിവരം ദയവായി ഓഹരി ഉടമകൾ ശ്രദ്ധിക്കേണ്ടതാണ്.

6. ബാധകമായ നിയമങ്ങൾ പ്രകാരം 93-ാമത് വാർഷിക പൊതുയോഗത്തിന്റെ നോട്ടീസ് ഓഹരി ഉടമകൾക്ക് അവരുടെ രജിസ്റ്റേർഡ് ഇ-മെയിൽ വിലാസത്തിൽ യഥാസമയം അയയ്ക്കുന്നതാണ്.

ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന് വേണ്ടി
ഒപ്പ്
(ജിമ്മി മാത്യു)
കമ്പനി സെക്രട്ടറി

സ്ഥലം : തൃശ്ശൂർ
തീയതി : ജൂലൈ 26, 2021

Malayala Manorama (Thrissur edition) dtd 27/07/2021